(ബി) എങ്കിൽ ഇത് സംബന്ധിച്ച് അന്വേഷണം നടത്തുകയുണ്ടായോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ & ബി) ഉണ്ട്. പുയപ്പള്ളി പോലീസ് സ്റ്റേഷനിൽ ക്രൈം 63/2000 യു/സി അൺനാച്ച്യുറൽ ഡത്ത് പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. അന്വേഷണത്തിൽ പോസ്റ്റുമോർട്ടം റിപ്പോർട്ടു പ്രകാരം ടിയാൻ ആനപ്പുറത്തുനിന്ന് വീണ് തലയുടെ പുറകുവശം ഏറ്റ ക്ഷതം കാരണമാണ് മരണം സംഭവിച്ചതെന്നാണ്.

**കൈക്കൂലിയുമായി ബന്ധപ്പെട്ട് വിജിലൻസ് പിടികൂടിയിട്ടുള്ള ഉദ്യോഗസ്ഥർ**

65 (3255) ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൈക്കൂലിയുമായി ബന്ധപ്പെട്ട് വിജിലൻസ് പിടികൂടിയിട്ടുള്ള ഉദ്യോഗസ്ഥർ എത്ര ; വർഷം തിരിച്ച് പേരും തസ്തികയും ഉൾപ്പെടെയുള്ള വിവരം അറിയിക്കാമോ ;

(ബി) കൈക്കൂലി വാങ്ങിയ കുറ്റത്തിന് വിജിലൻസ് അറസ്റ്റ് ചെയ്തിട്ടും സർവ്വീസിൽ നിന്ന് സസ്പെന്റ് ചെയ്യാതെ തുടരാൻ അനുമതി നൽകിയിട്ടുള്ള കേസുകൾ നിലവിലുണ്ടോ ; എങ്കിൽ ഇപ്രകാരം അനുമതി നൽകിയതിനുള്ള കാരണങ്ങൾ എന്തെല്ലാം ;

(സി) കൈക്കൂലി വാങ്ങിയ കുറ്റത്തിന് സർവ്വീസിൽ നിന്നും പിരിച്ചുവിടപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥർ എത്ര ; അവരുടെ പേരും തസ്തികയും അറിയിക്കുമോ ?

ഉത്തരം

(എ) 181 പേർ, 1996-ൽ 1 ഗസറ്റഡ് ഉദ്യോഗസ്ഥനും 3 നോൺ ഗസറ്റഡ് ഉദ്യോഗസ്ഥനും, 1997-ൽ 14 ഗസറ്റഡ് ഉദ്യോഗസ്ഥരും 40 നോൺ ഗസറ്റഡ് ഉദ്യോഗസ്ഥരും, 1998-ൽ 17 ഗസറ്റഡ് ഉദ്യോഗസ്ഥരും 35 നോൺ ഗസറ്റഡ് ഉദ്യോഗസ്ഥരും, 1999-ൽ 12 ഗസറ്റഡ് ഉദ്യോഗസ്ഥരും 48 നോൺ ഗസറ്റഡ് ഉദ്യോഗസ്ഥരും, 2000-ൽ 11 നോൺ ഗസറ്റഡ് ഉദ്യോഗസ്ഥർ. ഇവരിൽ പല കേസുകളുടെയും രഹസ്യ സ്വഭാവം പരിഗണിച്ച് കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല.

(ബി) വിജയകരമായി ട്രാപ്പ് ചെയ്യപ്പെട്ട കേസുകളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ സസ്പെന്റു ചെയ്തിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly